**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1688** **11-10-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ഗവ. ആർട്സ് & സയൻസ് കോളേജിലെ കെട്ടിട നിർമ്മാണവും ഭൂമി ഏറ്റെടുക്കലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കോളേജിനാവശ്യമായ കെട്ടിടനിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികളും നിലവിലെ അവസ്ഥയും വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.കെട്ടിടനിർമാണത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നിലവിൽ തൃശ്ശൂർ കിഫ്ബി എൽ.എ തഹസിൽദാരുടെ കീഴിൽ പുരോഗമിച്ചു വരികയാണ്. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് 6(1) നോട്ടിഫിക്കേഷൻ, 4(1) നോട്ടിഫിക്കേഷൻ, 11(1) നോട്ടിഫിക്കേഷൻ എന്നിവ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളേജിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള തുകയ്ക്ക് കിഫ്ബി വഴി ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; സ്ഥലമേറ്റെടുക്കാൻ എത്ര തുകയ്ക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്നും ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക കിഫ്ബിയാണോ അനുവദിക്കുകയെന്നും അറിയിക്കാമോ; | (ബി) | നിലമ്പൂർ ഗവ. ആർട്സ് & സയൻസ് കോളേജിന് സ്ഥലമേറ്റെടുക്കുന്നതിനു 1,19,35,632/-രൂപയുടെ (ഒരുകോടി പത്തൊൻപത് ലക്ഷത്തി മുപ്പത്തയ്യായിരത്തി അറുന്നൂറ്റി മുപ്പത്തിരണ്ട് രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ഭൂമി വിട്ടുതരാൻ ഭൂവുടമ തയ്യാറായിരിക്കെ ഭൂമി ഏറ്റെടുക്കുവാനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; ഇതുസംബന്ധിച്ച ഫയൽ ഏത് കാര്യാലയത്തിലാണുള്ളതെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കാമോ; ഇനിയെത്ര നാളുകൾ കൊണ്ട് സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കും എന്നറിയിക്കാമോ? | (സി) | ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് 6 (1) നോട്ടിഫിക്കേഷൻ, 4(1) നോട്ടിഫിക്കേഷൻ, 11(1) നോട്ടിഫിക്കേഷൻ എന്നിവ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഫയൽ മലപ്പുറം ജില്ലാ കളക്ടറുടെ കര്യാലയത്തിലാണ്.സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.കോളേജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ DCETVM/5448/2024-P5 നമ്പർ ഫയലിലാണ് ഈ വിഷയം കൈകാര്യം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ